ക്ലാസ്: VI

# മതബോധനകേന്ദ്രം

## മാനന്തവാടി രൂപത

## First Semester Examination 2023

| |
|---|
| ആകെ മാർക്ക്: 80 |
| പാർട്ട് 1 : 60 |
| പാർട്ട് 2 : 20 |
| സമയം: 2 മണിക്കൂർ |

**പേര്, വീട്ടുപേര്:**

## പാർട്ട് 1

**ശരിയായ ഉത്തരം ടിക് (✓) ചെയ്യുക.** 5×1=5

1. യൗസേപ്പ് ആരുടെ വംശത്തിൽപ്പെട്ടവനായിരുന്നു?

| | | | | | |
|---|---|---|---|---|---|
| | യൂദയാ | | ലേവി | | ദാവീദ് |

2. "ഇതാ ലോകത്തിന്റെ പാപങ്ങൾ നീക്കുന്ന ദൈവത്തിന്റെ കുഞ്ഞാട്" ഈശോയെക്കുറിച്ച് ആരാണ് ഇത് പറഞ്ഞത്?

| | | | | | |
|---|---|---|---|---|---|
| | സ്നാപകയോഹന്നാൻ | | പത്രോസ് | | പൗലോസ് |

3. എന്നാണ് ദനഹാത്തിരുനാൾ ആഘോഷിക്കുന്നത്?

| | | | | | |
|---|---|---|---|---|---|
| | ഡിസംബർ 25 | | ജനുവരി 6 | | ജനുവരി 19 |

4. നോമ്പ് കാലത്തിന്റെ ആദ്യത്തെ ഞായറാഴ്ചയെ വിളിക്കുന്ന പേരെന്ത്?

| | | | | | |
|---|---|---|---|---|---|
| | വിഭൂതി | | പന്തക്കുസ്ത | | പേത്തൂർത്ത |

5. ഭൗതികതയിലും സമ്പത്തിലും ആശ്രയിക്കാതെ ദൈവത്തിന്റെ കരുണയിലും പരിപാലനയിലും പൂർണ്ണമായും ആശ്രയിക്കുന്നവർ ആരാണ്?

| | | | | | |
|---|---|---|---|---|---|
| | ആത്മാവിൽ ദരിദ്രർ | | നീതിമാൻ | | കരുണയുള്ളവർ |

**ഉത്തരമെഴുതുക.** 5×1=5

6. 'സൂബാറ' എന്നറിയപ്പെടുന്ന കാലം

7. ഈശോയുടെ രഹസ്യജീവിതം അനുസ്മരിക്കുന്ന കാലം

8. മിശിഹാ എന്ന വാക്കിന്റെ അർത്ഥം

9. "അന്ധകാരത്തിൽ സ്ഥിതി ചെയ്തിരുന്ന ജനങ്ങൾ വലിയ പ്രകാശം കണ്ടു" എന്ന ഏശയ്യ പ്രവാകന്റെ വാക്കുകൾ ഈശോയിൽ നിറവേറിയതായി സാക്ഷ്യപ്പെടുത്തിയ ശ്ലീഹ.

10. "നിങ്ങളുടെ ശത്രുവായ പിശാച് അലറുന്ന സിംഹത്തെപ്പോലെ ആരെ വിഴുങ്ങണമെന്ന് അന്വേഷിച്ചുകൊണ്ട് ചുറ്റി നടക്കുന്നു." എന്ന് നമ്മെ ഓർമ്മിപ്പിക്കുന്ന ശ്ലീഹ.

**ഈശോ ആരോടാണ് പറഞ്ഞതെന്ന് ബ്രായ്ക്കറ്റിൽനിന്ന് കണ്ടെത്തി എഴുതുക.** 5×1=5

**(ഫരിസേയർ, വ്യഭിചാരത്തിൽ പിടിക്കപ്പെട്ട സ്ത്രീ, പീലാത്തോസ്, ശിഷ്യർ, പത്രോസ്, പാപിനിയായ സ്ത്രീ)**

11. "എന്റെ രാജ്യം ഐഹികമല്ല, ആയിരുന്നെങ്കിൽ ഞാൻ യഹൂദർക്ക് ഏല്പിക്കപ്പെടാതിരിക്കാൻ എന്റെ സേവകർ പോരാടുമായിരുന്നു."

12. "സാത്താനേ, എന്റെ മുമ്പിൽനിന്നു പോകൂ, നീ എനിക്കു പ്രതിബന്ധമാണ്. നിന്റെ ചിന്ത ദൈവികമല്ല, മാനുഷികമാണ്."

13. "ഞാനും നിന്നെ വിധിക്കുന്നില്ല, പൊയ്ക്കൊള്ളുക, ഇനിമേൽ പാപം ചെയ്യരുത്."

14. "നിങ്ങൾ ഭയപ്പെടുന്നതെന്ത്; നിങ്ങൾക്ക് വിശ്വാസമില്ലേ?"

15. "അന്ധരായിരുന്നെങ്കിൽ നിങ്ങൾക്ക് പാപം ഉണ്ടാകുമായിരുന്നില്ല, എന്നാൽ ഞങ്ങൾ കാണുന്നുവെന്ന് നിങ്ങൾ പറയുന്നതുകൊണ്ട് നിങ്ങളിൽ പാപം നിലനിൽക്കുന്നു."

**ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക.** **7×2=14**

16. സഹന ദാസനെക്കുറിച്ചുള്ള വിവരണത്തിൽ നിങ്ങളെ ഏറ്റവും സ്പർശിച്ച വാക്യം എഴുതുക.

17. പിച്ചള സർപ്പത്തിന്റെ പ്രതിരൂപം ഈശോയിൽ അന്വർത്ഥമായതെങ്ങനെ?

18. തിരിച്ച് പോകാൻ ആഗ്രഹിച്ച ധൂർത്തപുത്രൻ പിതാവിനോട് എന്ത് പറയാനാണ് തീരുമാനിച്ചത്?

19. അന്ത്യദിനത്തിലെ പുനരുത്ഥാനത്തെക്കുറിച്ച് ഈശോ മർത്തായോട് പറഞ്ഞ വചനം പൂർത്തിയാക്കുക.

"ഞാനാണ് പുനരുത്ഥാനവും ജീവനും ..........................................................................................................................

.........................................................................................................................................................................."

20. ഉപമ ഏതെന്ന് എഴുതുക.

| **അനുതാപം ആവശ്യമില്ലാത്ത തൊണ്ണൂറ്റൊൻപത് നീതിമാന്മാരെക്കുറിച്ച് എന്നതിനേക്കാൾ അനുതപിക്കുന്ന ഒരു പാപിയെക്കുറിച്ച് സ്വർഗ്ഗത്തിൽ കൂടുതൽ സന്തോഷം ഉണ്ടാകും** | **ഇതുപോലുള്ള സന്തോഷമാണ് പാപിയായ ഒരു വ്യക്തി അനുതപിച്ച് ദൈവത്തിലേക്ക് തിരിച്ചു ചെല്ലുമ്പോൾ സ്വർഗ്ഗത്തിൽ ഉണ്ടാകുന്നത്** |
|---|---|
| ................................................................<br>................................................................ | ................................................................<br>................................................................ |

21. പാപങ്ങൾ മോചിക്കപ്പെട്ടവരോട് ഈശോ ആവശ്യപ്പെടുന്നതെന്ത്?

പാപിനിയായ സ്ത്രീയെക്കുറിച്ച് ഈശോ ശിമയോനോട് എന്താണ് പറഞ്ഞത്?

22. പേരെഴുതുക.

**അമ്പതുനോമ്പാരംഭിക്കുന്നതിന് 18 ദിവസം മുമ്പുള്ള നോമ്പ്**

**മാതാവിന്റെ ജനനത്തിരുനാളിനൊരുക്കമായുള്ള നോമ്പ്**

**23 മുതൽ 26 വരെയുള്ള ചോദ്യങ്ങൾക്ക് ഉത്തമെഴുതുക.** **4×4=16**

23. രക്ഷകന്റെ വരവിനെക്കുറിച്ചുള്ള പ്രതീക്ഷ ഇസ്രായേലിലുണർത്തിയ പ്രവചനങ്ങൾ എഴുതുക?

| | | |
|---|---|---|
| ഏശയ്യ | ഏശയ്യ 7:14 | "കന്യക ഗർഭം ധരിച്ച് ഒരു പുത്രനെ പ്രസവിക്കും." |
| മോശ | നിയ. 18:18 | |
| ബാലാം | സംഖ്യ 24:17 | |

24. ജീവകാരുണ്യ പ്രവർത്തനങ്ങളുടെ ഭാഗമായി നിങ്ങൾക്ക് ചെയ്യാവുന്ന നാല് സത്പ്രവൃത്തികൾ എഴുതുക.

25. താഴെ തന്നിരിക്കുന്ന വിശുദ്ധവാര ആചരണ ദിനങ്ങളിൽ നാം അനുസ്മരിക്കുന്ന കാര്യങ്ങൾ എഴുതുക.

| | |
|---|---|
| ഓശാന ഞായർ | |
| പെസഹാവ്യാഴം | |
| ദുഃഖവെള്ളി | |
| ഉയിർപ്പ് | |

26. സുഖലോലുപത, സമ്പത്ത് എന്നീ പ്രലോഭനങ്ങളെ ഈശോ ഏത് വചനങ്ങൾ പറഞ്ഞുകൊണ്ടാണ് അതിജീവിച്ചത്?

**ഏതെങ്കിലും ഒരെണ്ണത്തിന് ഉത്തരമെഴുതുക.** **1×5=5**

27. i) താഴെ നൽകിയിരിക്കുന്ന രക്ഷാകര സംഭവങ്ങൾ ഉചിതമായ കോളത്തിൽ എഴുതുക.

(ഈശോയുടെ നാമകരണം, പാപവും അനന്തഫലങ്ങളും, ഈശോയുടെ പരസ്യജീവിതം, ഈശോയുടെ രഹസ്യജീവിതം, സ്നാപക യോഹന്നാന്റെ ജനനം)

| ദനഹ | മംഗളവാർത്ത | പിറവി |
|---|---|---|
| | | |

*അല്ലെങ്കിൽ*

ii) ഈശോയെക്കുറിച്ച് സ്നാപകയോഹന്നാൻ നൽകിയ സാക്ഷ്യം എന്തായിരുന്നു?

**ഏതെങ്കിലും ഒരു ചോദ്യത്തിന് ഉത്തരമെഴുതുക.** **1×10=10**

28. i) മനുഷ്യന്റെ സമഗ്ര വിമോചനത്തിനായി ഈശോ നിറവേറ്റിയ അഞ്ച് കാര്യങ്ങൾ വിശദമാക്കുക.

*അല്ലെങ്കിൽ*

ii) യൂദാസിന്റെ വഞ്ചന മുതൽ ഈശോയുടെ കുരിശുമരണംവരെ പീഡാനുഭവവേളയിൽ നടന്ന സംഭവങ്ങൾ വിവരിക്കുക.

## പാർട്ട് 2

**ശരിയായ ഉത്തരം ബ്രായ്ക്കറ്റിൽ നിന്ന് തെരഞ്ഞെടുത്തെഴുതുക.** **5×1=5**

*(വി. ഇസിദോർ, ഫ്രാൻസിസ് പാപ്പ, വി. ബർണാർദ്, യുഗോസ്ലാവിയ, വി. ഡൊമിനിക് സാവിയോ, പോളണ്ട്)*

1. എത്രയും ദയയുള്ള മാതാവേ എന്ന ജപം രചിച്ച വിശുദ്ധൻ?

2. കർഷകരുടെ മദ്ധ്യസ്ഥൻ?

3. കുട്ടികളുടെ മദ്ധ്യസ്ഥൻ?

4. വി. മദർ തെരേസയെ വിശുദ്ധയായി പ്രഖ്യാപിച്ച പാപ്പ?

5. മദർ തെരേസയുടെ ജന്മദേശം?

6. പ്രധാന പുണ്യപ്രവർത്തികൾ എഴുതുക? **2×1=2**

| | | |
|---|---|---|
| നോമ്പ് | | |

7. വി. ലൂക്കായുടെ സുവിശേഷത്തിൽ നിന്ന് നിങ്ങൾ സ്വന്തമാക്കിയ ഏതെങ്കിലും ഒരു വചനം എഴുതുക?

1×3=3

8. മഹിമയുടെ ദൈവരഹസ്യങ്ങളിൽ ഏതെങ്കിലും രണ്ടെണ്ണം എഴുതുക. 1×5=5

9. വി. മാർട്ടിൻ ഡി പോറസിന്റെ അത്ഭുതപ്രവർത്തികളിൽ ഏതെങ്കിലും ഒന്ന് വിശദമാക്കുക. 1×5=5